അരിസ്റ്റോഫനീസ്

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ഏതാണ്ട് ഇരുപത്തിനാലുനൂററാണ്ടുകൾക്കുമുമ്പ് ജീവിച്ചിരുന്ന ഒരു എഴുത്തുകാരൻെറ കൃതികൾ ഇന്നും അഭിരുചിയങ്ങളായി പരിഗണിക്കപ്പെടണമെങ്കിൽ അവ സൃഷ്ടിച്ച ആളിൻെറ കഴിവുകളെക്കുറിച്ച് വിശദീകരണമോ വ്യാഖ്യാനമോ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഗ്രീക്കുചരിത്രത്തിലെ സുവർണ്ണകാലഘട്ടമെന്ന് പറയപ്പെടുന്ന പെരിക്ലിയസിൻെറ കാലത്ത് ജീവിച്ചിരുന്ന ആളാണ് അരിസ്റ്റോഫനീസ് എന്ന ഹാസ്യനാടകകൃത്ത്. അദ്ദേഹത്തെ ഗ്രീക്കുസാഹിത്യത്തിലെ അത്ഭുതമെന്ന് കരുതുന്നതാണുത്തമമെന്നുതോന്നുന്നു. ചൈതന്യമുള്ള അദ്ദേഹത്തിൻെറ ഹാസ്യനാടകങ്ങളിൽ, അരിസ്റ്റോഫനീസ് അന്നത്തെ സമുദായത്തിലെ കുറവുകളെ മാത്രമല്ല തെററായ ആശയങ്ങളെയും ധീരതയോടെ ചെറുക്കുകയുണ്ടായി.

നീതിക്കും സമാധാനത്തിനും എക്കാലത്തും ഒരു ശക്തികേന്ദ്രമായി ആ പ്രവർത്തനത്താൽ അദ്ദേഹം രൂപംകൊള്ളുകയുണ്ടായി. എല്ലാവിധത്തിലുമുള്ള കോളിളക്കങ്ങളാലും ഇരുണ്ട് ഇടിവെട്ടിപ്പെയ്യുവാൻ സമയംകാത്തുനില്ക്കുന്ന ഇന്നത്തെ സാഹചര്യങ്ങളിൽ, അരിസ്റ്റോഫനീസിൻെറ ഗ്രന്ഥങ്ങൾ നമ്മുടെ കണ്ണിൽ പുതിയ രശ്മികൾ ചൊരിയുന്ന ഭദ്രദീപങ്ങളായി പരിശോഭിക്കുകയാണെന്ന പരമാർത്ഥം സ്മരിക്കുന്നത്, നല്ലതാണെന്നുതോന്നുന്നു.

അരിസ്റ്റോഫനീസിൻെറതായി ഇന്ന് പതിനൊന്നു നാടകങ്ങളേ കിട്ടിയിട്ടുള്ളു. അവ അദ്ദേഹത്തെ അതുല്യനാക്കുക മാത്രമല്ല അവിസ്മരണീയനുമാക്കിയിരിക്കുന്നു. ഒരു ഹാസ്യനാടകത്തിൽ അഥീനിയന്മാരോട്—"സ്റ്റേററിൻെറ താല്പര്യങ്ങളെക്കുറിച്ച് ഞാൻ സംസാരിക്കുവാൻ ഒരുങ്ങുന്നതായാൽ എന്നോട് നീരസമുള്ളവരായിത്തീരരുതേ പ്രേക്ഷകന്മാരേ! ഹാസ്യനാടകവും എന്താണ് നീതിയെന്നറിയുന്നുണ്ട്. എനിക്കാണെങ്കിൽ, എൻെറ ഭാഷ്യ സത്യമായിത്തീരുന്നത് കഠിനമാകുമ്പോഴാണ്."—എന്ന് പറഞ്ഞിട്ടുള്ളത് നമ്മുടെ ചെവിയിൽ മുഴങ്ങും, അദ്ദേഹത്തിൻെറ കൃതികൾ വായിക്കുമ്പോൾ. അദ്ദേഹം ജീവിതകാലമത്രയും അദ്ദേഹത്തിൻെറ എല്ലാ നാടകങ്ങളിലും ആ വാക്കുകൾ പാലിച്ചിട്ടുമുണ്ട്; അദ്ദേഹത്തിന് അംഗീകരിക്കുവാനും ആശീർവദിക്കുവാനും കഴിയാത്ത സ്ഥാപനങ്ങളെയും വ്യക്തികളെയും നിരങ്കുശമായി അദ്ദേഹം നിരൂപണവിഷയമാക്കി. അതിന്നദ്ദേഹത്തിനുള്ള നീതീകരണം, എതിർപ്പിന്ന് വിധേയമായിട്ടുള്ളവ ഉത്തമമായ മനുഷ്യാദർശങ്ങൾക്ക് വിപരീതമായിരുന്നു എന്നുള്ളതാണ്. പ്രാദേശികയുദ്ധങ്ങളെയും, അധഃപതിച്ച നഗരജീവിതത്തേയും വ്യവഹാരത്തിനു മനുഷ്യനുള്ള അമിതമായ താല്പര്യത്തേയും മററും മററും അദ്ദേഹം പരിഹസിച്ചു. അദ്ദേഹത്തിൻെറ പരിഹാസം സത്യമായിരുന്നു; കഠിനവുമായിരുന്നു. അന്നത്തെ പ്രധാനപ്പെട്ട വ്യക്തികളുടെ ഹാസ്യചിത്രങ്ങൾ അദ്ദേഹം അരങ്ങത്ത് അവതരിപ്പിച്ചു. അത്തരം പരിഹാസപാത്രങ്ങൾതന്നെ രംഗത്തുവന്ന ഹാസ്യകഥാപാത്രങ്ങളുടെ പെരുമാററങ്ങൾകണ്ട് മററു പ്രേക്ഷകരോടൊപ്പം ചിരിച്ചിരിക്കണം. അദ്ദേഹത്തെപ്പോലെ സമൂഹത്തെ ഒന്നടങ്കം ചിരിപ്പിക്കാനും സമൂഹ്യജീവിതത്തെ പരിഷ്ക്കരിക്കാനും, പ്രചോദനം നൽകിയിട്ടുള്ള എഴുത്തുകാരെ ലോകചരിത്രത്തിൽ അധികം കാണാൻ സാധിക്കുകയില്ല.

അരിസ്റ്റോഫനീസിൻെറ ജീവിതത്തെക്കുറിച്ച് മിക്കവാറും ഒന്നുംതന്നെ നമുക്കറിവില്ല. ക്രിസ്തുവിനുമുമ്പ് ഏതാണ്ട് 446-ൽ ആയിരിക്കാം അദ്ദേഹം ജാതനായത്. അദ്ദേഹത്തിൻെറ നാടകങ്ങൾ മിക്കതും ദേശീയനാടകോത്സവവേളകളിലാണ് അരങ്ങേറിയിട്ടുള്ളത്. ആ നാടകങ്ങളിൽ കാണുന്ന ആശയപ്രകടനസ്വാതന്ത്ര്യത്തെക്കുറിച്ച് നാം അത്ഭുതപ്പെട്ടുപോകും. അദ്ദേഹത്തിൻെറ നാടകങ്ങളെല്ലാംതന്നെ ആഥൻസും സ്പാർട്ടയും തമ്മിലുള്ള ജീവന്മരണസമരകാലത്താണ് രചിക്കപ്പെട്ടതെന്ന പരമാർത്ഥവും നാം വിസ്മരിച്ചുകൂടാ. അന്ന് ആഥൻസിൽ വളരെ സ്വാധീനതയുള്ള പല വ്യക്തികളെയും ആ നാടകങ്ങളിൽ കടുത്ത രീതിയിൽ പരിഹസിച്ചിട്ടുണ്ട്. പരിഷ്കാരവും പുരോഗതിയും പതിന്മടങ്ങു വർദ്ധിച്ചിട്ടുള്ള ഇന്ന് അത്തരം പ്രസ്താവനകൾ അതിൻെറ കർത്താവിനെ കോടതികയററാൻ ഇടവരുത്തുന്നതാണ്. ഒരു യുദ്ധം നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ, ആ രാജ്യത്തിലെ പ്രധാന സൂത്രധാരന്മാരെ കേന്ദ്രമാക്കി കഠിനമായ ആക്ഷേപങ്ങൾ അതേരാജ്യത്തിലെ ഒരു ഗ്രന്ഥകാരൻ തന്നെ എഴുതി അരങ്ങേറുവാൻ അനുവദിക്കുന്ന സ്വാതന്ത്ര്യം ഇന്ന് ഏതെങ്കിലും രാജ്യത്തിൽ അനുവദിച്ചിട്ടുണ്ടോയെന്നു സംശയമാണ്.

ഒരു കാലഘട്ടത്തിലെ ആളുകളെ കേന്ദ്രമാക്കി എഴുതപ്പെടുന്ന ഹാസ്യനാടകങ്ങൾ ആ കാലഘട്ടത്തെ അതിജീവിച്ച് ശാശ്വതപ്രതിഷ്ഠ നേടുകയെന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ഇതാണ് അരിസ്റ്റോഫനീസിൻെറ കാര്യത്തിൽ സംഭവിച്ചിരിക്കുന്നത്. കാലികപ്രശ്നങ്ങളെ കാലത്തെ അതിജീവിക്കത്തക്ക ഒരു രൂപത്തിലാണ് അദ്ദേഹം കൈകാര്യംചെയ്തത്. അദ്ദേഹത്തിൻെറ ഹാസ്യനാടകങ്ങൾ അക്കാരണങ്ങളാൽ അല്പായുസ്സുകളായില്ല; അമരങ്ങളാകുകയും ചെയ്തു. ഇന്നും അവ അക്ഷതവീര്യങ്ങളും ആകർഷകങ്ങളും ആയിട്ടാണ് നമുക്ക് അനുഭവപ്പെടുക. അതിനാൽ ലോകസാഹിത്യത്തിൽ അനന്യസ്സേററിയ സ്ഥാനം അവ കരസ്ഥമാക്കിയിരിക്കുന്നു.

അരിസ്റ്റോഫനീസിൻെറ ആക്രമണത്തിനു വിധേയരായിട്ടുള്ള വ്യക്തികളുടെ കൂട്ടത്തിൽ പൊതുജനപ്രമാണിയായ ക്ലിയോൺ, നൂതനചിന്താസരണി സമുൽഘാടനംചെയ്ത സോക്രട്ടീസ്, സാഹിത്യകാരന്മാരായ ഐസ്കലസ്, യൂറിപ്പിഡിസ് തുടങ്ങിയവർ ഉൾപ്പെടുന്നുണ്ട്.

ക്ലിയോൺ ഈ കാലഘട്ടത്തിൽ ആഥൻസിലെ ഏററവും ശക്തിവാനായ വ്യക്തിയായിരുന്നു എന്ന പരമാർത്ഥം നാം ഇവിടെ മറന്നുകൂടാ. അരിസ്റ്റോഫനീസ് ഒരു നാടകത്തിൽ ആ സ്വേച്ഛാധിപതിയുടെ ഛായയിൽ ഒരു പരിഹാസപാത്രത്തെ അവതരിപ്പിക്കുകയുണ്ടായി.

എന്നാൽ അന്ന് ആ വേഷമെടുത്ത് അരങ്ങേറുവാൻ ഒരു നടൻപോലും ധൈര്യപ്പെട്ട് മുന്നോട്ടുവന്നില്ല. അരിസ്റ്റോഫനീസുതന്നെ ആ കഥാപാത്രത്തിൻെറ വേഷമെടുത്ത് രംഗത്തുവന്നു.

ഒരു ഐതിഹ്യപ്രകാരം ക്ലിയോൺ പ്രേക്ഷകരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു എന്നു കാണുന്നു. മററുള്ളവരെപ്പോലെ അന്ന് അദ്ദേഹവും കുടഞ്ഞുചിരിക്കുകയുണ്ടായത്രേ! സോക്രട്ടീസുമായി സ്നേഹബന്ധം സ്ഥാപിച്ചിരുന്ന ആളാണ് അരിസ്റ്റോഫനീസെങ്കിലും അദ്ദേഹത്തെ കളിയാക്കുവാൻ ആ സ്നേഹം തടസ്സമായിത്തീർന്നില്ല.

പുതിയ ശാസ്ത്രീയചിന്തയുടെ പ്രതിനിധികളെയാണ് അദ്ദേഹം മേഘങ്ങൾ (Clouds) എന്ന നാടകത്തിൽ പരിഹസിച്ചിരിക്കുന്നത്. തവളകളിലെ (Frogs) ഭാവനാപരമായ സാഹിത്യമത്സരത്തിൽ ഐസ്കിലസും യൂറിപ്പിഡിസും പങ്കെടുക്കുന്നതു കാണാം. അത് ആദ്യം അവതരിപ്പിച്ചത് ബി. സി. 405-ൽ ആണ്. പക്ഷികളിൽ (Birds) കാണുന്ന കാവ്യഭംഗിയും മാനസോല്ലാസദായകങ്ങളായ അംശങ്ങളും ഭാവനാപരമായ സൗന്ദര്യവിശേഷങ്ങളും അസുലഭങ്ങളാണെന്നു പറയാനേ സാധിക്കു. ആധുനികകാലത്ത് അധികം അവതരിപ്പിക്കപ്പെടാറുള്ള അദ്ദേഹത്തിൻെറ നാടകം ലിസിസ്ട്രാററാ ആണ്. സമരത്തിൻെറ ആപത്തുകളും സമാധാനത്തിൻെറ മാധുര്യവും അനുഭവവേദ്യമാക്കിത്തീർക്കുന്ന ഒരു ഉത്തമമായ 'സററയർ' ആണതെന്നു പറയാം. ഭർത്താക്കന്മാരായ പടയാളികൾ ദീർഘവും പൈശാചികവുമായ യുദ്ധത്തിന് വിരാമമിട്ടിട്ട് വീട്ടിൽ മടങ്ങിവരുന്നതുവരെ ഗൃഹനായികമാർ പണിമുടക്ക് പ്രഖ്യാപിക്കുന്നത് ഈ ഹാസ്യനാടകത്തിൽത്തന്നെ! അരിസ്റ്റോഫനീസിൻെറ ഏററവും വലിയ വിജയം 'പക്ഷികൾ' (Birds) ആണെന്നു പറയാം. നിസ്സാരങ്ങളായ സ്വകാര്യതാല്പര്യങ്ങളെ പിൻതള്ളി വ്യക്തമായ സാമൂഹ്യതിന്മകളെ കേന്ദ്രമാക്കി അമാനുഷികപ്രഭാവത്തോടെ ചമച്ചിട്ടുള്ള ഒരു അതുല്യകൃതിയാണിത്. അരിസ്റ്റോഫനീസ് അൻപതിലധികം നാടകങ്ങളെഴുതിയിട്ടുണ്ടെങ്കിലും അതിൽ പതിനൊന്നുമാത്രമേ ഇന്ന് അവശേഷിച്ചിട്ടുള്ളു. എന്നാൽ ആ പതിനൊന്നെണ്ണംമതി അദ്ദേഹത്തിന് അതുല്യരായ സാഹിത്യകാരന്മാരുടെ പന്തിയിലെ സ്ഥാനം നിസ്സംശയമായി നേടിക്കൊടുക്കുവാൻ.

★